(4) 2004-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ.
(5) 2005-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ.
(6) 2003-ലെ കേരള പഞ്ചായത്ത്‌രാജ് (രണ്ടാം ഭേദഗതി) ബിൽ.
(7) 2004-ലെ കേരള പഞ്ചായത്ത്‌രാജ് (ഭേദഗതി) ബിൽ.
(8) 2005-ലെ കേരള പഞ്ചായത്ത്‌രാജ് (മൂന്നാം ഭേദഗതി) ബിൽ.

എന്നിവ സംബന്ധിച്ച സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

IV. നിയമനിർമ്മാണകാര്യം

സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(1) 2005-ലെ കേരള മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്‌സ് വെൽഫെയർ ഫണ്ട് (അമെൻഡ്‌മെൻറ്) ബിൽ

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സബ്‌ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2005-ലെ കേരള മോട്ടോർ ട്രാൻസ്‌പോർട്ട് വർക്കേഴ്‌സ് വെൽഫയർ ഫണ്ട് (അമെൻഡ്‌മെൻറ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു

ധനകാര്യവും എക്‌സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്. കേരളം തൊഴിലാളിക്ഷേമ പദ്ധതികളുടെ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ഇന്ത്യയ്ക്കാകെ മാതൃക കാട്ടുന്ന സംസ്ഥാനമാണ്. നോബൽ ആദരണീയനായ ഇന്ത്യൻ പ്രസിഡൻറ് ഇവിടെ സംസാരിച്ചപ്പോഴും കേരളത്തിൻറെ ഈ പ്രത്യേകത പരാമർശിക്കുകയുണ്ടായി. അത് ന്യായമാണ്, സ്വാഗതാർഹമായ കാര്യമാണ്. എന്നാൽ തൊഴിലാളികൾക്ക് എതിരായ കരിനിയമങ്ങൾ ഉണ്ടാക്കുന്ന കാര്യത്തിലും ഈ സംസ്ഥാനം തന്നെയാണ് മുൻപന്തിയിൽ. അതിനു ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണം കേരളത്തിലെ ചുമട്ടു തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിച്ചുകൊണ്ട് ഗവൺമെൻറ് തയ്യാറാക്കിയിട്ടുള്ള നിയമം ആണ്. അത് തൊഴിലാളി വർഗ്ഗത്തിൻറെ ചരിത്രത്തിൽ എന്നെന്നും കറുത്ത ലിപികളിൽ രേഖപ്പെടുത്തുന്ന ഒരു നിയമമാണ്. അത്തരമൊരു സമീപനം മോട്ടോർ മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഉണ്ടാകുവാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് കേരളത്തിലെ ചുമട്ടു തൊഴിലാളി വർഗ്ഗത്തിൻറെ ചരിത്രത്തിൽ കളങ്കം ഉണ്ടാക്കിയ ചുമട്ടുതൊഴിലാളി നിയമത്തിൻറെ പ്രശ്നങ്ങളും ഈ സന്ദർഭത്തിൽ ഓർമ്മിക്കേണ്ടി വന്നത്. ആ കളങ്കം ഇനിയ് ഉണ്ടാകുവാൻ പാടില്ല എന്നുള്ളതുകൊണ്ടാണ് ഇവിടെ ഈ ബിൽ അവതരിപ്പിക്കുമ്പോഴും മോട്ടോർ വ്യവസായ മേഖലയിലെ എല്ലാ തൊഴിലാളികളേയും ഈ നിയമത്തിൻറെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കണമെന്നുള്ള ഒരു പൊതുകാഴ്ചപ്പാടാണ് ഉയർന്നുവരുന്നത്.

12:00 Noon] എന്നാൽ ഇപ്പോഴും ഗ്രാറ്റുവിറ്റി നിയമത്തിലും പ്രോവിഡൻറ് ഫണ്ട് നിയമത്തിലും അതിൻറെ പരിധിക്കകത്ത് വരുന്ന തൊഴിലാളികളെ ഉൾപ്പെടുത്താൻ കഴിയുന്നില്ല. അത് യഥാർത്ഥത്തിൽ മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് ആകെയുള്ള ഒരു ക്ഷേമ പദ്ധതിയുടെ യഥാർത്ഥ അവകാശം നിഷേധിക്കുന്ന നിലയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളം പോകും. അതുകൊണ്ട് മോട്ടോർ എഞ്ചിനീയറിംഗ് മേഖലയിലെ എല്ലാ തൊഴിലാളികളേയും ഉൾപ്പെടുത്താൻ കഴിയാവുന്ന നിലയിലായിരിക്കണം നിയമം കൊണ്ടുവരേണ്ടത്. എല്ലാ തൊഴിലാളികളേയും ഈ ക്ഷേമപദ്ധതിയിൽ കൊണ്ടുവരാൻ കഴിയാവുന്ന നിലയിൽ ആവശ്യമായ മാറ്റങ്ങളം ഇതിൽ വരുത്തേണ്ടതുണ്ട്. മോട്ടോർ വ്യവസായം ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. മോട്ടോർ വ്യവസായം നേരിടുന്ന പ്രതിസന്ധി ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളേയും ചെറുകിട ഉടമകളേയും സാരമായി ബാധിക്കും. അത് പരിശോധിക്കാൻ ഈ സന്ദർഭത്തിൽ ഗവൺമെൻറിന് കഴിയണം. തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി കൊണ്ടുള്ള നടപടികളിലേക്ക് പോകുമ്പോഴംതന്നെ മോട്ടോർ മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനെക്കുറിച്ച് കൂടി പരിഗണിക്കാൻ ഗവൺമെൻറിന് കഴിയണം. ഇപ്പോഴം കേന്ദ്രഗവൺമെൻറിൻെറ നയത്തിൻെറ ഭാഗമായി വന്ന പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് സാരമായി ബാധിച്ചിട്ടുണ്ട്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചാർജ്ജ് നിരക്കിൽ വന്ന വർദ്ധനവ് ആഗോളതലത്തിലുള്ള പരിഹാരങ്ങളെക്കുറിച്ച് പരാമർശിച്ചു കഴിഞ്ഞാലും ഒരു തത്വദീക്ഷയുമില്ലാത്ത വർദ്ധനവിനെ നമുക്ക് നീതീകരിക്കാൻ കഴിയില്ല. പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചാർജ്ജ് വർദ്ധനവിൻെറ ബാധ്യത വരുന്നത് ജനങ്ങളുടെ തലയിലാണ്. സാധാരണ ജനങ്ങളം ക്കാണ് ഇതിൻെറ ഏറ്റവും കൂടുതൽ പ്രയാസങ്ങളം നേരിടേണ്ടിവരുന്നത്. ഇന്ത്യയാകെ എടുത്തു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ടാക്സ് ചുമത്തുന്നത് കേരള സംസ്ഥാനമാണ്. ജനങ്ങളുടെ പക്ഷത്ത് നിൽക്കുന്നു എന്ന് പറയുമ്പോഴം ജനങ്ങൾക്ക് ദോഷകരമാകുന്ന ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് പുനഃപരിശോധിക്കുകയും പെട്രോളിയം ഉൽപ്പന്നങ്ങളുടെ ചാർജ്ജ് വർദ"ധനവിൽനിന്ന് ജനങ്ങളെ രക്ഷിക്കാൻ സഹായകരമായ സമീപനം ടാക്സിൻെറ പുനർനിർണ്ണയത്തോടുകൂടി ഗവൺമെൻറ് സ്വീകരിക്കേണ്ടതുണ്ട് എന്നുള്ളതുകൂടി ഈ സന്ദർഭത്തിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. മോട്ടോർ വ്യവസായ മേഖലയുമായി ബന്ധപ്പെട്ടുനിൽക്കുന്ന അനുബന്ധ ജോലിയിൽ ഏർപ്പെടുന്ന ഒരു വിഭാഗം തൊഴിലാളികളുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി തന്നെ ചില മേഖലയിലെ തൊഴിലാളികളെകൂടി ഇതിൽ ഉൾപ്പെടുത്തുമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അവരുടെ ചില സമ്മേളനങ്ങളിൽ പങ്കെടുത്തുകൊണ്ടും നിവേദനങ്ങൾ സ്വീകരിച്ചുകൊണ്ടും. ഞാനിവിടെ ചൂണ്ടിക്കാണിക്കുന്ന പ്രശ്നം മോട്ടോർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളാണ് ലോറി ട്രാൻസ്പോർട്ട് ഏജൻസീസ് വിഭാഗം. അത് ഒരു തരത്തിലും ഇതിൻെറ പട്ടികയിൽ പെടുന്നില്ല. അവർ നേരിട്ട് വാഹനങ്ങളിൽ ജോലി ചെയ്യുന്നില്ല. എന്നാൽ വാഹനങ്ങളുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവരാണ്. ലോറി ട്രാൻസ്പോർട്ട് ഏജൻസീസ് എന്നുള്ള നിലയിൽ പ്രവർത്തിച്ചുവരുന്ന, ജോലി ചെയ്തുവരുന്ന ആയിരക്കണക്കിന് തൊഴിലാളികളം കേരളത്തിലുണ്ട്. അത്തരം വിഭാഗങ്ങളെക്കൂടി ഇതിൽ ഉൾപ്പെടുത്താൻ കഴിയാവുന്ന സാഹചര്യങ്ങളെക്കുറിച്ചുകൂടി പരിശോധിക്കണമെന്നുള്ളത് ഈ സന്ദർഭത്തിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരികയാണ്. നിയമത്തിൻെറ ചില പോരായ്മകളം ചൂണ്ടിക്കാണിക്കുമ്പോൾ ഇതിൻെറ ഗുണവശവും ഞാൻ കുറച്ചു കാണുന്നില്ല. ഇത് മോട്ടോർ മേഖലയിലെ തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന നിയമമാണ്. പ്രത്യേകിച്ച് വെൽഫെയർ ഫണ്ട് ഈടാക്കുന്നത് ടാക്സുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ആ നിലപാടിൽ ഗവൺമെൻറ് ഉറച്ചുനിൽക്കേണ്ടതുണ്ട്. ജൂൺ 7 മുതൽ ഇത് പ്രാവർത്തികമാകും എന്നുള്ള നിലയിലാണ് കരട് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു കാരണവശാലും ഇതിൻെറ തീയതിക്ക് മാറ്റം വരാൻ പാടില്ല. ആവശ്യമായ മാറ്റങ്ങളോടെ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാകുമ്പോൾ നിയമം നടപ്പിലാക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ഉറച്ചുനിൽക്കാൻ ഗവണ്മെൻറിന് കഴിയണം. പലപ്പോഴും ഈ കാര്യത്തിലുള്ള ഗവണ്മെൻറിൻറെ സമീപനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് ഇത്തരം പ്രശ്നങ്ങളിൽ ആശങ്ക നിലനിൽക്കുന്നുണ്ട്. ആ ആശങ്കയ്ക്ക് പരിഹാരം കാണത്തക്ക നിലയിലുള്ള ഒരു സമീപനം ഈ പ്രശ്നവുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഇത് പറയാൻ കാരണം ഈ ബിൽ നിയമസഭയിൽ വരുന്ന സന്ദർഭത്തിൽ മോട്ടോർ മേഖലയിലെ ഉടമകളുടെ സമരം നടക്കുകയുണ്ടായി. സമരത്തിൻറെ പ്രധാനപ്പെട്ട മുദ്രാവാക്യം ഈ ക്ഷേമനിധി നിയമത്തിൽ വരുത്തുന്ന ഭേദഗതികൾക്ക് എതിരായിട്ടാണ്. ഒരു കാരണവശാലും മോട്ടോർ ഉടമകളുടെ നിലപാടിൽ ഗവൺമെൻറ് കീഴടങ്ങാൻ പാടില്ല. ഇതിൻറെ ടാക്സ് നിർണ്ണയത്തിൽ ഈ നിലപാടു തന്നെ സ്വീകരിച്ചേ പറ്റുകയുള്ളൂ. ക്ഷേമനിധിയുമായി ഇതിനെ ലിങ്ക് ചെയ്തു ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട് ഒരു കാരണവശാലും ഉടമകളുടെ ഭീഷണിക്കുമുമ്പിൽ ഗവൺമെൻറ് കീഴടങ്ങാൻ പാടില്ല എന്നുള്ളത് ഈ സന്ദർഭത്തിൽ ആവർത്തിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ സ്കീമുമായി ബന്ധപ്പെട്ടു വരുമ്പോൾ ഏതൊക്കെ ക്ഷേമനിധിയാണെങ്കിലും തൊഴിലാളികളുടെ വേജ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. ഇവിടെ പഴയ നിയമത്തിൽ നിന്ന് തൊഴിലാളികളുടെ വേതനം എന്നുള്ള നിർവചനം എടുത്തുകളയുകയാണ്. ഇത് ഒരു കാരണവശാലും ന്യായീകരിക്കാൻ കഴിയില്ല. വാഹനത്തിൽ ജോലി ചെയ്യുന്നവരുടെ കാര്യം അടിസ്ഥാനത്തിലാണ് ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടിവരുന്നത്. നേരത്തെ നിലവിലുള്ള കൂലിയുടെ അടിസ്ഥാനത്തിൽ ഒരു ബസിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെയും ഉടമയുടെയും വിഹിതം എല്ലാംകൂടി വരുന്നത് ആറായിരത്തിരുപ്പതു രൂപയാണ്. ഇപ്പോൾ ക്ഷേമനിധി വിഹിതം അടയ്ക്കുന്നത് 350 രൂപ എന്നുള്ള നിലയിലാണ്. ഇതെല്ലാം തൊഴിലാളികളും അംഗീകരിക്കുന്നത് അല്ലെങ്കിൽ അതിനോട് അനുകൂലമായ നിലപാട് സ്വീകരിക്കുന്നത് ഇത് പ്രാവർത്തികമാക്കാൻ കഴിയണം എന്നുള്ളതുകൊണ്ടാണ്. ഏകദേശം തൊണ്ണൂറ് കോടിയിലധികം രൂപ നിലവിലുള്ള പദ്ധതിയിൽ പിരിച്ചെടുക്കാനുണ്ട്. ഈ നിയമം പാസാക്കുന്ന സന്ദർഭത്തിൽ കുടിശ്ശിക സംബന്ധിച്ച് ഒരു ഉറപ്പും വ്യക്തതയും നൽകുന്നില്ല. നിലവിലുള്ള നിയമത്തിൻറെ അടിസ്ഥാനത്തിൽ ഈടാക്കേണ്ടുന്ന ഉടമയുടെ വിഹിതം പൂർണ്ണമായും അടച്ചിരിക്കണം എന്നുള്ളത് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നിലപാട് ഈ കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ആ നിലവിലുള്ള സമീപനം സ്വീകരിക്കുമ്പോൾ മാത്രമേ ഇത് തൊഴിലാളികളുടെ പക്ഷത്ത് നിന്നുകൊണ്ടുള്ള സമീപനം ആകുകയുള്ളൂ. ഉടമകളുടെ നിലപാടെടുക്കുമ്പോൾ സ്വയം തൊഴിൽ അടിസ്ഥാനത്തിലുള്ള ചെറുകിട ഉടമകളുണ്ട്. അത്തരം വിഭാഗങ്ങളുടെ കാര്യംകൂടി പരിഗണിച്ചുകൊണ്ടുള്ള കണ്സീഷനാണ് ഇതിൽ വച്ചിട്ടുള്ളത്. ആ നിലയിൽ തൊഴിലാളികൾക്ക് ഒരു തരത്തിൽ നഷ്ടമാണെങ്കിൽപോലും ഇത്തരം കാര്യങ്ങൾ നൽകുന്ന സമയത്ത് ക്ഷേമനിധി ബോർഡ് അംഗങ്ങളായ മുഴുവൻ തൊഴിലാളികളുടേയും താൽപ്പര്യം പരിരക്ഷിക്കാൻ കഴിയണമെന്നുള്ളതുകൊണ്ടാണ് ഈ നിലയിലുള്ള സമീപനം ചെറുകിട ഉടമകളുടെ ഇത്തരം പ്രശ്നങ്ങൾകൂടി പരിശോധിക്കുന്ന സന്ദർഭത്തിൽ അവർക്ക് അനുകൂലമായി അല്ലെങ്കിൽ ഇതിൻറെ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാൻ കഴിയുന്ന സമീപനം എടുക്കണമെന്ന് സൂചിപ്പിച്ചത്. ചെറുകിട ഉടമകളാണെങ്കിൽപോലും വേതനം എന്നു പറയുന്നത് പ്രധാനപ്പെട്ട ഘടകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സ് തിമുഖേന ബന്ധപ്പെട്ട് അതിന്റെ അനന്തര ഘട്ടങ്ങളിലൊക്കെ പല സന്ദർഭത്തിലും തൊഴിലാളികളുടെ വേജ് എന്തുചെയ്തു എന്നുള്ളതിനെ സംബന്ധിച്ചുണ്ടാകുന്ന പ്രശ്നങ്ങളും വരും. ഒരു ക്ഷേമ പദ്ധതിയാണ് എന്നുള്ളതുകൊണ്ട് ക്ഷേമപദ്ധതിയുമായി ബന്ധപ്പെട്ട് വേജിന്റെ പ്രശ്നങ്ങളും സാധാരണ ഉയർന്നു വരും. അത്തരം പ്രശ്നങ്ങളും പരിഹരിക്കുണ്ടാക്കാൻ കഴിയണമെന്നുണ്ടെങ്കിൽ വേജിന്റെ നിർവചനം ഈ നിയമത്തിൽ നിന്ന് മാറ്റാൻ പാടില്ല അത് നിലനിർത്തുനാവശ്യമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. ടാക്സ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ടാക്സിന്റെ എല്ലാ രേഖകളും വാഹന ഉടമകളും സൂക്ഷിക്കണം പരിശോധനയ്ക്ക് വിധേയമാകുമ്പോൾ ടാക്സ് ഈടാക്കിയതിലുള്ള പ്രശ്നങ്ങളും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വാഹനങ്ങളുടെ ടാക്സ് അടയ്ക്കുന്നതിന് വൺടൈം ടാക്സ് എന്നുള്ള നിലപാട് നിൽക്കുന്നുണ്ട് പതിനഞ്ചോ അതിൽ കൂടുതൽ വർഷമോ ഒന്നിച്ച് ടാക്സ് അടയ്ക്കേണ്ടിവരും. അങ്ങനെ ടാക്സ് അടയ്ക്കുന്ന ഉടമകളിൽനിന്നും എങ്ങനെ ഇത് ഈടാക്കിയെടുക്കും എന്നതു സംബന്ധിച്ച് വ്യക്തത വേണം. നിയമത്തിൽ ഒരു അവ്യക്തതയ്ക്കും ഇടം കൊടുക്കാൻ പാടില്ല ഈ കാര്യത്തിലും ആവശ്യമായ നിലപാട് സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ വാഹനം ട്രാൻസ്ഫർ ചെയ്യുന്ന സന്ദർഭങ്ങളിലും ക്ഷേമനിധി അടച്ചിരിക്കുന്നു എന്നുള്ളത് ഉറപ്പുവരുത്താൻ കഴിയണം. ടാക്സിന്റെ തെളിവിനോടൊപ്പം വെൽഫെയർ ഫണ്ട് അടച്ചു റെസീപ്റ്റ് സൂക്ഷിക്കുന്നതിനും എല്ലാ കാര്യങ്ങളിലും ഇത് അടച്ചിരിക്കുന്നു എന്ന് ഉറപ്പു വരുത്താനും കഴിയുന്ന വ്യവസ്ഥകൂടി ഈ നിയമത്തിൽ ഉൾപ്പെടുത്തണം എന്നുള്ളതുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ് ഇതിന്റെ ഫണ്ട് അടയ്ക്കുന്ന കാര്യത്തിൽ, നിലവിലുള്ള സ്കീം പ്രകാരമാണെങ്കിൽ തൊഴിലാളികളുടെ വിഹിതം പിടിച്ചിട്ട് ഉടമ അടയ്ക്കണമെന്നാണ്. ഇതിനകത്ത് തൊഴിലാളികളും തന്നെ നേരിട്ടടയ്ക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇത് സ്വാഭാവികമായി ഒരു ഉടമയുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രയാസം ഉണ്ടാകും. അവർക്ക് ലീവ് എടുക്കേണ്ടിവരും. അല്ലെങ്കിൽ ജോലിക്ക് പോകാതെയിരിക്കേണ്ടിവരും. ഇങ്ങനെ നാനാതരത്തിലുള്ള പ്രശ്നങ്ങളും തൊഴിലാളികൾക്ക് ഉണ്ട് എന്ന കണക്കാക്കിക്കൊണ്ട് അത്തരം സ്ഥാപനങ്ങളും, ഇപ്പോഴും സ്വയം തൊഴിലെന്ന നിലയിൽ സ്വന്തമായി വാഹനം ഉള്ളവരും ഉണ്ട്. അവർ തന്നെ അടച്ചേ പറ്റൂ. എന്നാൽ തൊഴിലാളികളെ വച്ച് ജോലി ചെയ്യിപ്പിക്കുന്നവർ അത് ഉടമകൂടി ബന്ധപ്പെട്ടുകൊണ്ട് ഈ കാശ് അടയ്ക്കാനുള്ള സംവിധാനം ഇതുമായി ബന്ധപ്പെട്ടുണ്ടാക്കണം എന്നുള്ളതാണ് ഇതിന്റെ ഭാഗമായി വരാനുള്ളതെന്ന് ചൂണ്ടിക്കാണിക്കുകയാണ്" എങ്കിൽ മാത്രമേ തൊഴിലാളികൾക്ക് കൂടുതൽ സഹായകരമാകുന്ന ഒരു അവസ്ഥയിലേക്ക് കൊണ്ടുപോകാൻ സാധിക്കൂ. ക്ഷേമനിധി കുടിശ്ശിക വരാതെയിരിക്കത്തക്ക ഉറപ്പ് ഇതുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതിൽ പരാതി ബോധിപ്പിക്കുന്നതിനെ സംബന്ധിച്ച് ചില പ്രശ്നങ്ങളും ഉണ്ട്. ഇതിന്റെ കാര്യം നിർണ്ണയിച്ചുകഴിഞ്ഞാൽ ഈ കാശ് അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് പരാതി ബോധിപ്പിക്കാൻ ബന്ധപ്പെട്ട കക്ഷികളും", ഉടമകളുമാകാം. അല്ലെങ്കിൽ തൊഴിലാളികളുമാകാം, ഇത്തരം കാര്യങ്ങളും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിൽ പരാതി എങ്ങനെയാണ് നിർണ്ണയിക്കുന്നത്. തൊഴിലാളി മാത്രമാണോ അതോ ഉടമ മാത്രമാണോ പരാതി നിർണ്ണയിക്കുന്നത്? ഇതിൽ നിന്ന" ട്രേഡ് യൂണിയൻ സംഘടനകളെ പൂർണ്ണമായി ഒഴിവാക്കുന്നതാണ്. തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ഇവിടെയുള്ള ഏത് നിയമങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചാലും ആ നിയമങ്ങളിലെല്ലാം ട്രേഡ് യൂണിയൻ സംഘടനകൾക്ക് മതിയായ പരിഗണനയുണ്ടെന്നേ കാണാം. കേരളത്തിലെ ട്രെഡിഷൻ വച്ചു നോക്കുന്ന സന്ദർഭത്തിൽ ക്ഷേമനിധി പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ട്രേഡ് യൂണിയൻ സംഘടനകൾ എടുത്തുവരുന്ന നിലപാട് വളരെ സഹായകരമാണല്ലോ! അനധികൃതരായി പലരും ക്ഷേമപദ്ധതിയിൽ കടന്നുകൂടുന്നത് തടയണമെങ്കിൽ ട്രേഡ് യൂണിയനുകളെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ടുള്ള സമീപനം സ്വീകരിക്കണം; അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കപ്പെടേണ്ടതാണ്. അനർഹനായ ഒരു തൊഴിലാളി പോലും ഈ ക്ഷേമപദ്ധതിയിൽ കടന്നുകൂടിക്കൂടാ. അതെല്ലാം പരിഗണിച്ചുകൊണ്ടുള്ള സമീപനം തന്നെയായിരിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അത് വ്യക്തമായി ഇൻസിസ്റ്റ് ചെയ്യുന്നതിനുള്ള നിലപാട് ഇക്കാര്യത്തിൽ ഉണ്ടാകണം. അപ്പോഴേ തൊഴിലാളിയുടെയും ഉടമകളുടെയും വിഹിതം അടയ്ക്കുന്നത് ക്ഷേമനിധിയിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുനിൽക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം പരാതികൾ ഉന്നയിക്കാനുള്ള അവസരം ട്രേഡ് യൂണിയൻ സംഘടനകൾക്ക് ഉണ്ടാകണം. ഇത് സംബന്ധിച്ച് നിയമത്തിലെ നിലവിലുള്ള ഭേദഗതിയിൽ ഒന്നും പരാമർശിക്കുന്നില്ല. ഈ ദോഷങ്ങളും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

ശ്രീ. സ്വാജു പോൾ: സർ, അനർഹരായ പലരും പല ക്ഷേമപദ്ധതികളിലും അംഗങ്ങളാണെന്നുള്ളത് ഒരു വസ്തുതയാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ അനർഹമായി ഈ കാബിനറ്റിൽ ഇരിക്കുകയാണെന്നാണ് അദ്ദേഹത്തിന്റെ അനുയായികളും സഹപ്രവർത്തകരുമൊക്കെ പറയുന്നത്. അങ്ങനെയുള്ള ഒരു മന്ത്രിയിൽ നിന്ന് അനർഹരായവരെ ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കിക്കിട്ടുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ബില്ലുമായി ബന്ധപ്പെട്ട ഒരു വിഷയമല്ലാത്തതുകൊണ്ട് ഞാൻ അത് സംബന്ധിച്ച് പ്രതികരിക്കുന്നില്ല. ഇവിടെ ക്ഷേമനിധി കുടിശ്ശിക സംബന്ധിച്ചുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി റിവ്യൂ ഹർജി, അതുപോലെ തന്നെ അപ്പീൽ തുടങ്ങിയ പ്രശ്നങ്ങളുണ്ടല്ലോ? ഇത് യഥാർത്ഥത്തിൽ കാലതാമസമുണ്ടാക്കുന്നതിനു ഇടവരുത്തുന്നതാണ്. ഈ കാലതാമസം ഒഴിവാക്കുന്നതിനു നിയമത്തിൽ എന്താണ് ഉറപ്പുള്ളത് എന്നകാര്യം വ്യക്തമാക്കേണ്ടതുണ്ട്. അത് ഇല്ലെങ്കിൽ പഴയ സ്ഥിതിയിലേക്കാണ് പോകുക. പഴയ സ്ഥിതി എന്നു പറഞ്ഞാൽ നിയമം ഉണ്ടായിട്ടുപോലും വിഹിതം അടയ്ക്കുന്നില്ലല്ലോ? അത്രയും ഒരു അനുഭവം കേരളത്തിൽ നിലനിൽക്കുന്നതുകൊണ്ട് ഈ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായ ധാരണ ഉണ്ടാകേണ്ടതുണ്ട്. റിവ്യൂ ഹർജി പ്രകാരമുള്ള പ്രശ്നങ്ങൾക്കും അപ്പീൽ തുടങ്ങിയ കാര്യങ്ങൾക്കും കാലതാമസം ഒഴിവാക്കാനുള്ള വ്യക്തമായ വ്യവസ്ഥ നിയമത്തിൽ ചേർക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകേണ്ടതുണ്ട്. ഇതിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടുനിൽക്കുന്ന പ്രശ്നം പ്രസക്തമായി വരികയാണ്. സബ്ജക്ട് കമ്മിറ്റിയിൽ ഇത് ചർച്ച ചെയ്ത സന്ദർഭത്തിലും നിയമത്തിന്റെ ഇത്തരം പ്രശ്നങ്ങളെല്ലാം പരിശോധിക്കുന്ന സന്ദർഭത്തിലും നിലനിൽക്കുന്ന ഗൗരവമായ ഒരു പ്രശ്നം പഴയ സ്കീമിൽ നിലവിലുള്ള അംഗങ്ങളായ തൊഴിലാളികൾ ഇപ്പോഴത്തെ നിയമപ്രകാരം വീണ്ടും രജിസ്റ്റർ ചെയ്യണമെന്നുള്ളതാണ്. ആ സ്ഥിതിയിൽ മാറ്റം വരണം. നിലവിലുള്ള പദ്ധതിയുടെ ഭാഗമായി നിലനിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് പുതിയ സ്കീമിൽ അംഗങ്ങൾ ആകുമ്പോൾ വീണ്ടും ഒരു രജിസ്ട്രേഷൻ പോകാതെ പദ്ധതിയിൽ അംഗങ്ങളാകുന്ന വ്യവസ്ഥ ഇത് സംബന്ധിച്ച് ഉണ്ടാകേണ്ടതുണ്ട്. ഈ കാര്യങ്ങൾ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം ഈ നിയമത്തിന് അവസാന രൂപം നൽകേണ്ടത് എന്ന് ഇതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കുകയാണ്. ഇത് കൺക്ലൂഡ് ചെയ്യുന്ന സമയത്ത് ഒരു കാര്യം ആവർത്തിച്ചുപറയുകയാണ്. തൊഴിലാളികളുടെ വേജ് ബഹുമാനപ്പെട്ട മന്ത്രിയുടെ സജീവ പരിഗണനയ്ക്ക് വിഷയീഭവിക്കണം. ഈ നിയമത്തിൽ കാണ്ടം നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് വേജ് ഒരു പ്രശ്നമാകുന്നില്ല. ഞാൻ അതിന്റെ സാങ്കേതിക വശം മനസ്സിലാക്കുന്നുണ്ട്. പക്ഷേ ഇതൊരു തൊഴിലാളി ക്ഷേമനിധി പദ്ധതിയായതുകൊണ്ടും അതുപോലെ തന്നെ ഇതിന്റെ സ്കീമുമായി ബന്ധപ്പെട്ടുകൊണ്ട് ഏതെങ്കിലും ഒരു സന്ദർഭത്തിൽ തൊഴിലാളിയുടെ വേജിനെ സംബന്ധിച്ച് പരിഗണന വരേണ്ടിവരുമെന്നുള്ളതുകൊണ്ടും നേരത്തെ ഉണ്ടായിരുന്ന നിയമത്തിൽ വേജിന്റെ ആ വിശദീകരണം ഒരു കാരണവശാലും എടുത്തുമാറ്റാൻ പാടില്ലെന്നുള്ളതുകൊണ്ട് ഞാനിവിടെ ആവർത്തിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് അത്തരം അനുകൂലമായ നിലപാട് തൊഴിലാളി പക്ഷത്തുനിൽക്കുന്നുവെങ്കിൽ എടുക്കുമെന്ന് കരുതുന്നു. പക്ഷേ തൊഴിലാളി വശത്ത് നിൽക്കാത്ത പല അനുഭവങ്ങളും മുമ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടല്ലോ? അതാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ ചില പ്രശ്നങ്ങൾ കേരളത്തിൽ നിലനിൽക്കുകയാണ്. അത്തരം കാര്യങ്ങൾ കേരളത്തിന്റെ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടുള്ളതാണ്. എത്ര തൊഴിലാളികൾക്കാണ് ജോലിയില്ലാതെയാകുന്നത്. ഇത്തരം സ്ഥിതിയിൽ തൊഴിലാളികളെ സംരക്ഷിക്കപ്പെടണം. അതിന്റെ എല്ലാ അപാകതകളും പരിഹരിക്കണം. അതുകൊണ്ട് തൊഴിലാളി പക്ഷത്ത് ഉറച്ചു നിന്നുകൊണ്ടുള്ള ക്രിയാത്മകമായ നിലപാട് ഈ പ്രശ്നങ്ങളിൽ സ്വീകരിക്കണം. അത്തരം ഒരു സമീപനമാണ് ഗവൺമെന്റ് ഭാഗത്തുനിന്ന് വരേണ്ടത്. ഈ നിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: സർ, 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെൻഡ്മെന്റ്) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളി പക്ഷത്ത് മന്ത്രിയും ഗവൺമെന്റും നിൽക്കുന്നില്ലെന്നാണ് ശ്രീ. ടി. പി. രാമകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത് അവസാനിപ്പിച്ചത്. തൊഴിലാളിപക്ഷത്ത് മന്ത്രിയും ഗവൺമെന്റും തൊഴിൽവകുപ്പും നിൽക്കുന്നുവെന്നുള്ളതിന്റെ ഏറ്റവും വലിയ സൂചന ആണ് ഈ ബിൽ. ഒന്ന്, ഹൈക്കോടതി നിർദ്ദേശമുണ്ടായതിനെത്തുടർന്ന് ഓർഡിനൻസായിത്തന്നെ ഈ നിയമം കൊണ്ടുവന്നു. രണ്ട്, ഇതിന്റെ തൊട്ടടുത്ത് ബഹുമാനപ്പെട്ട മന്ത്രി തന്നെ പൈലറ്റ് ചെയ്യുന്ന കേരള മോട്ടോർ വാഹനിയമം ടാക്സേഷൻ (അമെൻഡ്മെന്റ്) ബില്ലിന്റെ നാലാം വകുപ്പിലെ 8-ാം സെക്ഷൻ വായിച്ചു നോക്കിയാൽ ഈ ഗവൺമെന്റിന് മോട്ടോർ തൊഴിലാളികളോട് എത്രത്തോളം കമ്മിറ്റ്മെന്റ് ഉണ്ടെന്ന് തെളിയുന്നതാണ്. No tax under the Act shall be collected unless the receipt of remittance of contribution towards welfare fund mentioned in sub section 7 is produced. വെൽഫെയർ ഫണ്ട് അടയ്ക്കാത്ത ആളുകളുടെ ടാക്സ് സ്വീകരിക്കുകയില്ല എന്നുള്ള നിയമം കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വന്നിരിക്കുകയാണ്. കേരള ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇങ്ങനെ ഒരു നിയമം കൊണ്ടുവരുന്നത്. ഇത് യഥാർത്ഥത്തിൽ തൊഴിലാളികളുടെ പക്ഷത്തു നിൽക്കുന്നു എന്നുള്ളതിന്റെ തെളിവാണെന്നു മാത്രമല്ല മോട്ടോർ ഉടമകളിൽ നിന്ന് വലിയ എതിർപ്പുണ്ടാക്കുന്ന ഒരു കാര്യവുമാണ്. മോട്ടോർ ഉടമകളുടെ ഭാഗത്തുനിന്ന് സമരം ചെയ്യാൻ വരരുത് എന്നൊരു അഭ്യർത്ഥനയുണ്ട്. കാരണം നിങ്ങൾ രണ്ട് പക്ഷവും പിടിക്കുമല്ലോ? അതുകൊണ്ട് ഈ പക്ഷം പിടിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന. ഒരു കാര്യം ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കട്ടെ. മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ മാറിമാറിവന്ന ഗവൺമെന്റുകളുടെ ബോർഡുകൾക്ക് ഇന്നും കഴിഞ്ഞിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് 10 ലക്ഷം മോട്ടോർ തൊഴിലാളികൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. ഈ 10 ലക്ഷം മോട്ടോർ തൊഴിലാളികളിൽ ഇതുവരെ 29,000 തൊഴിലാളികൾ മാത്രമാണ് കവറേജിൽ വന്നിട്ടുള്ളത്. 29,000 തൊഴിലാളികളെ മാത്രമേ ഈ ക്ഷേമനിധി ബോർഡിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂ. ബസിന്റെ കാര്യം എടുക്കാം. 32,173 ബസ് ഉണ്ടെന്നാണ് കണക്ക്. അതിനകത്ത് 13,000 തൊഴിലാളികളെയാണ് കവർ ചെയ്തിട്ടുള്ളത്. ടൂറിസ്റ്റ് ബസുകളിൽ 55,000 പേരുണ്ട്. ഒറ്റതൊഴിലാളിയെപ്പോലും ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. അതുപോലെ തന്നെ 1,68,000 ലോറി തൊഴിലാളികൾ ഉണ്ട്. എന്നാൽ ക്ഷേമനിധി പരിധിയിൽ കൊണ്ടു വന്നത് 2,550 തൊഴിലാളികളെയാണ്. മിനി ലോറികൾ 46,817 ഉണ്ട്. ഒറ്റതൊഴിലാളികളെ കൊണ്ടുവരാൻ സാധിച്ചിട്ടില്ല. 96,000 ടാക്സിയുണ്ട്. 330 തൊഴിലാളികളെയാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞത്. അതുപോലെ ഓട്ടോറിക്ഷാ 33,000 ഉണ്ട്. 3,000 തൊഴിലാളികളെ മാത്രമേ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂ. ഇങ്ങനെ ഒരു വാഹനം ഓടിക്കുന്നവരെയും പൂർണ്ണമായി കൊണ്ടുവരാൻ കഴിയാത്ത ബോർഡിന്റെ പ്രവർത്തനം പരാജയമാണ്. ഇതിൽ ഞാൻ കാണുന്നത്, ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി സംഘടനകളുടെ ഒരു പോരായ്മയാണ്. കാരണം ഈ ക്ഷേമനിധി ബോർഡിൽ പത്ത് ലക്ഷം തൊഴിലാളികളെ കൊണ്ടുവരേണ്ടയിടത്ത് വെറും 29,000 പേരെ മാത്രമേ ഉൾപ്പെടുത്താൻ കഴിഞ്ഞുള്ളൂ എന്നു പറയുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന CITU, INTUC, AITUC ഉൾപ്പെടെയുള്ള സംഘടനകളുടെ പരാജയമായിട്ടാണ് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബോർഡിന്റെ ഭരണ ചെലവ് പ്രതിവർഷം ഒരു കോടി പതിനഞ്ച് ലക്ഷം രൂപയാണ്. പക്ഷേ കവർ ചെയ്യാൻ സാധിച്ച തൊഴിലാളികൾ 29,000 മാത്രമാണ്. ഈ ബോർഡ് കാര്യക്ഷമമായ രീതിയിൽ പ്രവർത്തിപ്പിക്കാൻ സാധിക്കണം. ഈ കാര്യത്തിൽ മാത്രമല്ല തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിലും. ആകെ 10 ലക്ഷം രൂപ കൊടുത്തു. 100 തൊഴിലാളികൾക്കാണ് പെൻഷൻ കൊടുക്കാൻ സാധിച്ചത്. ഇത് വളരെ കുറവാണ്. ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ക്ഷേമനിധികളുടെ പ്രവർത്തനമെല്ലാം പുനരവലോകനം നടത്തേണ്ട ഘട്ടമെത്തിയിരിക്കുകയാണ്. ചില ബോർഡുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ക്ഷേമനിധി ബോർഡുകൾ പ്രധാനമായും തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയാണ്; എന്നാൽ അതിന്റെ ഭരണച്ചെലവ് വർദ്ധിക്കുകയും ഉദ്ദേശ ലക്ഷ്യങ്ങൾ സാധൂകരിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു. അതു കൊണ്ട് എല്ലാ ബോർഡുകളുടെയും പ്രവർത്തനമൊന്ന് പുനരവലോകനം ചെയ്യണം. മറ്റൊരു കാര്യം ഇരുപത് കോടി രൂപ പിരിച്ചെടുത്തു; അതിന്റെ കുറ്റോഗം റവന്യൂ റിക്കവറി വന്നിട്ടുള്ളതാണ്. റവന്യൂ റിക്കവറി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നതൊക്കെ പിരിച്ചെടുക്കാൻ സാധിക്കില്ല. പല കാരണങ്ങൾകൊണ്ടും തുക കിട്ടുന്നില്ല. അതുപോലെ തന്നെ കേസ് അപ്പീൽ ഉള്ളവയും ഡിസ്പോസ് ചെയ്യാൻ സാധിക്കുന്നില്ല. അവിടെയെല്ലാം വളരെ കാല താമസം വരുന്നുണ്ട്. അവർക്ക് വർക്ക്ലോഡ് വളരെ കൂടുതലാണ് എന്ന് തോന്നുന്നു. രണ്ടായിരം അപ്പീലുകളും ഇപ്പോൾ പെൻഡിംഗിലാണ്. ഗവൺമെൻറ് സെക്രട്ടറിയാണ് അപ്പീൽ കേൾക്കേണ്ടതെങ്കിലും ജോയിൻറ് സെക്രട്ടറിമാരാണ് ഇപ്പോൾ അപ്പീൽ കേൾക്കുന്നത്. രണ്ട് ജോയിൻറ് സെക്രട്ടറിമാർ ഉണ്ട്. അതുകൊണ്ട് മാത്രം ഇത് പൂർണ്ണമാക്കാൻ കഴിയുന്നില്ല. ഈ കാര്യം എങ്ങനെ മെച്ചപ്പെടുത്താൻ സാധിക്കും എന്നാലോചിക്കേണ്ടതാണ്. ലോറി തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി എന്ന ഘടകം കൂടി ഒഴിവാക്കാൻ പറ്റുമോ എന്നാലോചിക്കണം. അത് പ്രായോഗികമായി ബുദ്ധിമുട്ടാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ Contract ക്യാരേജിൻെറ വർക്ക് സീസണൽ ആയതുകൊണ്ട് ആ കാര്യത്തിലും എന്തെങ്കിലും തരത്തിൽ മാറ്റം വരുത്താൻ പറ്റുമോ എന്ന് പരിശോധിക്കണം. അതുപോലെ തന്നെ ഇതിൻെറ ശിക്ഷാ നടപടികളെക്കുറിച്ച് പറയുന്നിടത്ത് പതിനായിരം രൂപയാണ് ഫൈൻ വച്ചിരിക്കുന്നത്. അയ്യായിരം രൂപ വച്ചിട്ടുണ്ട്. അത് സെക്ഷൻ (15)-ൽ penal provision ആണ്. പതിനായിരം എന്നുള്ളത് അയ്യായിരം ആയിട്ടും, അയ്യായിരം എന്നത് 2500 ആയിട്ടും കുറയ്ക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കണം. മറ്റൊരുകാര്യം Re-registration ആണ്. ക്ഷേമനിധി ബോർഡിൻെറ കീഴിൽ ഇപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളെ വീണ്ടും രജിസ്റ്റർ ചെയ്യാൻ നിർബന്ധിക്കുന്നതിനു പകരം ഒരു ഫോം പൂരിപ്പിച്ചുകൊടുത്താൽ നടപടിക്രമത്തിൻെറ ഭാഗമായി ഫൈൻ ഈടാക്കാതെ തന്നെ റിന്യൂ ചെയ്യാൻ അനുവദിക്കണം. റീ-രജിസ്ട്രേഷൻ ഒഴിവാക്കണം. ഈ നിയമത്തിൽ സെക്ഷൻ 12 (എ) യിൽ റീ-രജിസ്ട്രേഷൻ പറഞ്ഞ കാലാവധി മൂന്നുമാസമാണ്. അത് കുറച്ചുകൂടി നീട്ടാവുന്നതാണ്. മൂന്നുമാസം എന്നുള്ളത് തീരെ അപര്യാപ്തമാണ്. മാത്രമല്ല ഓർഡിനൻസ് പ്രകാരം ജൂൺ 7-ന് നിയമം പ്രാബല്യത്തിൽ വന്നു. ഒരു മാസം കഴിഞ്ഞു. അതുകൊണ്ട് പ്രായോഗിക സമീപനം സ്വീകരിക്കണം എന്നാണ് എൻെറ അഭിപ്രായം. നിയമം വന്നതിനുശേഷം, അതായത് ഓർഡിനൻസ് വന്നതിനുശേഷം ആറുമാസം ആക്കിയാലും തെറ്റില്ല. ഈ നിയമം കൊണ്ടുവരാൻ ഗവൺമെൻറ് കാണിച്ച ആത്മാർത്ഥതയെ ശ്ലാഘിക്കേണ്ടതാണ്. ഹൈക്കോടതിയുടെ നിർദ്ദേശമുണ്ടായപ്പോൾ മുഴുവൻ തൊഴിലാളികൾക്കും ക്ഷേമനിധിയുടെ ആനുകൂല്യം കിട്ടത്തക്കവിധം ടാക്സേഷൻ നിയമത്തിലും ലേബർ വെൽഫെയർ ഫണ്ട് നിയമത്തിലും ഭേദഗതി കൊണ്ടുവരാൻ ശുഷ്കാന്തി കാണിച്ച തൊഴിൽ വകുപ്പുമന്ത്രിയെയും ഗവൺമെൻറിനെയും അനുമോദിക്കുന്നു. ക്ഷേമനിധി ബോർഡ് കാര്യക്ഷമമായി പ്രവർത്തിച്ച് സംസ്ഥാനത്തെ മുഴുവൻ മോട്ടോർ തൊഴിലാളികളെയും ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവന്ന് അവർക്ക് പ്രയോജനം കിട്ടത്തക്കവിധം പ്രവർത്തനങ്ങൾക്ക് മാറ്റമുണ്ടാകണം എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എൻെറ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, 2005-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെൻറ്മെൻറ്) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ക്ഷേമനിധി നിയമത്തിലും ടാക്സേഷൻ നിയമത്തിലും ഇത്തരം ഭേദഗതിയിലൂടെ നമ്മുടെ സംസ്ഥാനത്തെ തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിനും ക്ഷേമനിധികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ടിയും നിയമം കൊണ്ടുവന്നു എന്നതുകൊണ്ട് ഈ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

പൊതുവെ എല്ലാവരും സ്വാഗതം ചെയ്യുന്നു. കേരളത്തിൽ ഓട്ടോറിക്ഷ മുതൽ വലിയ വാഹനങ്ങൾവരെ വിവിധ ഇനം മോട്ടോർ വാഹനങ്ങളിൽ പത്തുലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്നു. ഈ വിഭാഗം തൊഴിലാളികളെ ഇന്ന് സമൂഹത്തിൽ നാട്ടിൻപുറത്തും ഗ്രാമങ്ങളിലും എല്ലാ കവലകളിലും കാണാൻ കഴിയും. ആ പ്രദേശത്ത് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടായാൽ രക്ഷയ്ക്ക് ആദ്യം ഓടിയെത്തുന്നവരാണിവർ. നേരത്തേ നമ്മുടെ നാട്ടിൽ ഒരു പ്രചരണമുണ്ടായി. യു. ഡി. എഫ്. ഗവൺമെൻറ് തന്നെ അത്തരം പ്രചരണം നാട്ടിൽ എത്തിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു. ചുമട്ടുതൊഴിലാളികളെ വികൃതമായി ചിത്രീകരിച്ചുകൊണ്ട് ഒരു നിയമം കൊണ്ടുവരികവഴി മോട്ടോർ തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികൾ സാമൂഹ്യദ്രോഹികളാണെന്ന് ചിത്രീകരിക്കാൻ നിങ്ങളുടെ പ്രചാരവേല സഹായിച്ചിട്ടുണ്ട്. പക്ഷേ നമ്മുടെ നാട്ടിൽ എവിടെ ആക്സിഡൻറുണ്ടായാലും ആരാണ് ഓടിയെത്തുക? കവലകളിലും മറ്റും ഓട്ടോറിക്ഷ, ജീപ്പ്, പിക്കപ്പ് വാനുമൊക്കെയായി സാന്നിദ്ധ്യം കൊണ്ട് നിറഞ്ഞുനിൽക്കുന്ന ഈ തൊഴിലാളികളാണ്. അതുകൊണ്ട് ഈ തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള നിയമനിർമ്മാണം ആ വിഭാഗത്തിൻറെ മാത്രം താത്പര്യമല്ല; മൊത്തം തൊഴിലാളി വർഗ്ഗത്തിൻറെ താൽപ്പര്യത്തിനാണ് എന്നതിൻറെ അടിസ്ഥാനത്തിൽ നിയമത്തെ പൊതുവേ സ്വാഗതം ചെയ്യാം. പത്ത് ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതിൽ ആകെ അമ്പതിനായിരം തൊഴിലാളികൾ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. അതിൽ 29,000 പേർ മാത്രമേ ലൈഫായിട്ടുള്ളൂ. കണ്ണൂർ ജില്ലയെ സംബന്ധിച്ച് എനിക്ക് പറയാൻ കഴിയും. അയ്യായിരത്തോളമുള്ള തൊഴിലാളികൾ കണ്ണൂർ ജില്ലയിൽ നിന്നാണ്. ഇതിൽ സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൻറെ പ്രവർത്തനം കൂടി നമ്മൾ വളരെ ഗൗരവമായി ആലോചിക്കേണ്ടതാണ്. എന്തുകൊണ്ടാണ് അസംഘടിത മേഖലയായി അങ്ങിങ്ങ് കിടക്കുന്ന മോട്ടോർ വ്യവസായത്തെ, അതിലെ തൊഴിലാളികളെയെല്ലാം ക്ഷേമനിധിയിൽ കൊണ്ടുവരാൻ കഴിയാത്തത്? ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ഫലപ്രദമായി നൽകാൻ കഴിയണമെങ്കിൽ കൂടുതൽ തൊഴിലാളികൾ ക്ഷേമനിധിയിൽ വരണം. ക്ഷേമനിധി ഫണ്ട് ഒരു കരുതൽ ശേഖരമായി വർദ്ധിപ്പിക്കാൻ കഴിയണം. പത്ത് ലക്ഷത്തോളം വരുന്ന മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ അതൊരു മുതൽക്കൂട്ടാണ്. സംസ്ഥാനത്ത് കൺസ്ട്രക്ഷൻ മേഖലയിലെ ക്ഷേമനിധി കാര്യക്ഷമമാകാനുള്ള കാരണമതാണ്. തൊഴിലാളികൾ കൂടുതൽ കൂടുതൽ കൺസ്ട്രക്ഷൻ മേഖലയിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്, ക്ഷേമനിധിയിലേക്ക് കടന്നുവരികയാണ്. അത് വളരെ attractive ആണ്. അപ്പോൾ ഇതിനുള്ള പ്രധാനപ്പെട്ട തടസ്സം നിലവിലുള്ള ക്ഷേമനിധി നിയമത്തിൽ ട്രേഡ് യൂണിയനുകൾക്ക് വലിയ പങ്കില്ല. അപ്പോൾ ബസ്സുടമകളോ മറ്റു വാഹനങ്ങളുടെ ഉടമകളോ വിചാരിച്ചാൽ തങ്ങളുടെ സ്വന്തക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ കഴിയും. അങ്ങനെയാണ് ഇപ്പോൾ നടന്നുവരുന്നത്. യഥാർത്ഥത്തിൽ അറിയാവുന്ന വളരെയധികം കാര്യങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും അതറിയാം. ഒരു വാഹനത്തിൽ തൊഴിൽ ചെയ്യുന്ന ആളുകൾ മറ്റു ചില ആളുകളുടെ പേരിലാണ് ക്ഷേമനിധിയിൽ പണമടയ്ക്കുന്നത് അത് ബിനാമി ഏർപ്പാടാണ്. ഇത് വെരിഫൈ ചെയ്യാൻ നമ്മുടെ ഇന്നത്തെ സംവിധാനം പര്യാപ്തമല്ല. കൃത്യമായി ട്രേഡ് യൂണിയനുകൾ വഴി രജിസ്റ്റർ ചെയ്യാനുള്ള ഒരു സംവിധാനമുണ്ടാകുന്നില്ല. മറ്റു ക്ഷേമനിധികളിൽ ചെയ്യുന്നതുപോലെ ഒരു സംവിധാനമുണ്ടാക്കിയാൽ ഇത് കാര്യക്ഷമമാക്കാനും മുഴുവൻ തൊഴിലാളികളേയും ഇതിലേക്ക് കൊണ്ടുവരാനും കഴിയും. അതുപോലെതന്നെ ഇപ്പോൾ ഗൗരവമായി നിൽക്കുന്ന ഒരു വിഷയം

LIBRARY ARCHIVES Kerala Legislative Assembly

കുടിശ്ശികയാണ്. അപ്പോഴാ പുതിയ നിയമഭേഗതികൊണ്ടുവന്ന് 8 'എ' ആയി ഇതിൽ നിങ്ങൾ ഉൾപ്പെടുത്തി. ടാക്സ് അടയ്ക്കണമെങ്കിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി വിഹിതം അടയ്ക്കണം. ക്ഷേമനിധി വിഹിതം അടയ്ക്കാതെ, അതിന്റെ രസീത് കാണിക്കാതെ ടാക്സ് അടയ്ക്കാൻ അനുവദിക്കില്ല. നല്ല കാര്യം, പക്ഷേ കുടിശ്ശിക പൂർണ്ണമായി വസൂലാക്കാൻ വല്ല നിർദ്ദേശവും ഇതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ടോ? ഇല്ലെന്നുള്ളതാണ് കാര്യം. ഇപ്പോഴാ ഏതാണ്ട് 90 കോടി രൂപയുടെ കുടിശ്ശികയുണ്ട്. നേരത്തേ ബഹുമാനപ്പെട്ട ബാബു ദിവാകരൻ പ്രതിപക്ഷത്തെ ചൂണ്ടിക്കാണിച്ചു കൊണ്ട് പറഞ്ഞത് മുതലാളിയുടെ താൽപ്പര്യത്തിനുവേണ്ടി നിൽക്കരുതെന്നാണ്. എന്താണ് ശ്രീ. ബാബു ദിവാകരന് അങ്ങനെയൊരു വികാരം വന്നതെന്നറിയില്ല. എവിടെനിന്നുമാണ് ഈ വിവരം കിട്ടിയതെന്നറിയില്ല. 20 കോടി രൂപയുടെ കുടിശ്ശികയുടെ ഒരു കണക്ക് നിങ്ങൾ പറഞ്ഞല്ലോ, അത് 90 കോടി രൂപയാണ്. ഇനി നിങ്ങളുടെ 20 കോടി രൂപയുടെ കണക്കുപറയാം. 2003 മാർച്ച് 31-ന് ഗവൺമെന്റിനൊമാത്രം കുടിശ്ശികയ്ക്ക് സ്റ്റേ കൊടുത്തതിന്റെ കണക്ക് ഞാൻ പറയാം. അതിനുശേഷം എത്രയാണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. 2003 മാർച്ച് 31-ലുള്ള കണക്കുപ്രകാരം 1467 കേസുകളിലായി 4,69,30,750 രൂപയുടെ കുടിശ്ശികയ്ക്ക് ഗവൺമെന്റ് സ്റ്റേ കൊടുത്തിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് ഇത് തിരിച്ചെടുക്കാൻ കഴിയാത്തത്. അപ്പീലിൽ ഉള്ളതാ വേറെയുമുണ്ട്. അത് ഞാൻ പറയാം. 813 കേസുകളാ അപ്പീലിനു കോടതിയിൽ കിടക്കുകയാണ്. അത് 1,98,87,778 രൂപയാണ്. അത് നമുക്ക് മനസ്സിലാക്കാം. 8968 കേസുകളാ ആർ. ആർ. -ൽ കിടക്കുകയാണ്. അതിന്റെ നടപടികളാ എവിടേയും എത്തിക്കാൻ കഴിഞ്ഞിട്ടില്ല. അതുതന്നെ 8,55,88,739 രൂപവരും. അപ്പോഴാ യഥാർത്ഥത്തിൽ വിവിധ രീതിയിൽ പിരിച്ചെടുക്കേണ്ടുന്ന ക്ഷേമനിധി വിഹിതം പിരിച്ചെടുക്കാൻ കഴിയാതെ കെട്ടിക്കിടക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. പുതുതായി അങ്ങ് നിയമഭേഗതി കൊണ്ടുവന്നിട്ടില്ല. പക്ഷേ കുടിശ്ശിക പിരിച്ചെടുക്കാൻവേണ്ടിയുള്ള എന്തെങ്കിലും ഡ്രൈവ് നടത്താൻ കഴിയുമോ? അതിനെപ്പറ്റി സീരിയസ്സായി ആലോചിക്കണം. ചില ബസ്സുടമകളും വാഹന ഉടമകളും വാഹനങ്ങളൊക്കെ വിറ്റിട്ട് സ്ഥലം കാലിയാക്കുന്നു. എന്തെങ്കിലും attractive ആയ ഒരു വിഹിതം അടയ്ക്കേണ്ടവർക്കുകൂടി one-time settlement പോലെ എന്തെങ്കിലും ഒരു സ്കീമുണ്ടാക്കി, ഒരു പാക്കേജാക്കി കോടിക്കണക്കിന് രൂപയുടെ കുടിശ്ശിക എങ്ങനെ പിരിച്ചെടുക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അല്ലാതെ കുടിശ്ശികയായി ഇങ്ങനെ പോകട്ടെ എന്നുപറഞ്ഞാൽ ഇത് പിരിച്ചെടുക്കാൻ കഴിയില്ല. ക്ഷേമനിധിയിൽ ലഭ്യമാക്കേണ്ടുന്ന തുക വരുകയുമില്ല.

ശ്രീ. കെ. ബാബു: സർ, ഇതിനകത്ത് കുടിശ്ശിക വന്നിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്. അപ്പീലുമുണ്ട്. 2000-ത്തോളം അപ്പീലുകളാ ഗവൺമെന്റിൽ തന്നെയുണ്ട്. പക്ഷേ ശ്രീ. എം. വി. ജയരാജൻ മനസ്സിലാക്കേണ്ടത് ഇത് 1985-ലുണ്ടായ ക്ഷേമനിധിയാണ്. 9 വർഷം നിങ്ങൾ ഭരിച്ചിട്ടുണ്ട്. ആ കാലയളവിൽ ഇതിന് കുടിശ്ശികയുണ്ടായിട്ടില്ല എന്നാണോ അങ്ങ് വിശ്വസിക്കുന്നത്? എല്ലാ കാലഘട്ടത്തിലും കുടിശ്ശികയുണ്ട്.

ശ്രീ. എം. വി. ജയരാജൻ: കുടിശ്ശിക എല്ലാ കാലത്തുമുള്ളതുമുണ്ട്. ആ കുടിശ്ശിക സംഖ്യ ഈടാക്കുന്ന നടപടി ഫലപ്രദമല്ല. ആർ. ആർ.

LIBRARY ARCHIVES Kerala Legislative Assembly

നടപടിയും സ്റ്റേറ കൊടുക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ഞാൻ ഒരു ഉദാഹരണം പറയാം, പി. സി. 1475 രേഷ്മ, ഒരു ഉടമയുടെ പേരാണ്. അവർ 26,325 രൂപ അടയ്ക്കണം. അത് 30-4-2005-ന് 30 ഗഡുക്കളായി അടയ്ക്കാനുള്ള റവന്യൂ ഉത്തരവ് നൽകി. ആദ്യ ഗഡു അടയ്ക്കുന്നതിന് ഒരു സമയവും അവർ പറഞ്ഞു. ഇതുവരെ ഒരു തുകയും അടച്ചിട്ടില്ല. ഇ. സി. 723 പി. ബാലകൃഷ്ണൻ 81,846 രൂപ അടയ്ക്കണം. 30 ഗഡുക്കളായി അടയ്ക്കുന്നതിന് അനുവദിച്ചത് 30-4-2003-നാണ് രണ്ട് വർഷം മുമ്പാണ്, ഇപ്പോഴല്ല. ഒരു പൈസയും ഇതുവരെ അടച്ചിട്ടില്ല. ജനപ്രതിനിധികളെല്ലാം റവന്യൂ വകുപ്പുമന്ത്രിയുടെ അടുത്ത് പോകുന്നുണ്ട്, അതൊന്നും ഞാൻ ഇല്ലെന്നു പറയുന്നില്ല. പക്ഷേ ഒരു രീതിയിലും അടയ്ക്കാത്ത വിധത്തിൽ പോവുകയല്ലേ? അതാണ് പരിശോധിക്കേണ്ടത്. അത് മുൻകാലങ്ങളേക്കാൾ ഈ ഗവൺമെൻറിൻെറ കാലത്ത് കൂടുകയാണ്, കെ. പി. മാധവൻ, ഇ. സി. 326 അടയ്ക്കേണ്ടത് 43,146 രൂപയാണ്. അത് 1996-97-ലെ സംഖ്യയാണെന്ന് ഓർക്കണം. 20 ഗഡുവായി ഓർഡർ കൊടുത്തത് 2002 ഫെബ്രുവരി മാസം 16-ാം തീയതിയാണ്. ഇതുവരെ ഒരു പൈസയും അടച്ചിട്ടില്ല. ഇങ്ങനെപോകുന്നു കുടിശ്ശിക. അപ്പോൾ കുടിശ്ശിക വരുന്നതിനിടയാക്കുന്ന സർക്കാരിൻെറ നടപടി കൂടിയുണ്ട് എന്നത് ഗൗരവമായി കാണേണ്ടതാണ്. നാലരവർഷമായിട്ടും റവന്യൂ റിക്കവറി നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിൻെറ ഫലമായി ഈ വിഹിതം പിരിച്ചെടുക്കാൻ കഴിയുന്നില്ല. കണ്ണൂരിൽ വളരെയധികം സംഭവങ്ങളുണ്ട്. ഇതിൻെറ ഫലമായി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ കൊടുക്കാത്തതിനെക്കുറിച്ച് ഇവിടെ ഗൗരവമായി പരിശോധിക്കണ്ടേ? 10 ലക്ഷത്തോളം വരുന്ന തൊഴിലാളികളിൽ പെൻഷൻ കൊടുക്കുന്നത് ആകെ 100 പേർക്കാണ്. ഓട്ടോറിക്ഷ തൊഴിലാളികൾ മുതൽ വൻകിട വാഹനങ്ങളിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾ വരെയുള്ളവർക്കും പെൻഷൻ കൊടുക്കാൻ കഴിയത്തക്ക രീതിയിൽ ഈ ക്ഷേമനിധി കാര്യക്ഷമമാക്കണം. അത് കാര്യക്ഷമമാക്കാൻ കഴിയണമെങ്കിൽ ഇനി ക്ഷേമനിധി വിഹിതമായി ലഭിക്കേണ്ടുന്ന കുടിശ്ശിക തുക മുഴുവൻ ഈടാക്കാൻ നമുക്ക് കഴിയണം. അപ്പോൾ ഈ നിയമത്തിൻെറ ഭാഗമായി നിങ്ങൾ സ്കീമുകൾ പ്രഖ്യാപിക്കേണ്ടതാണ്. 2001-ൽ ചില സ്കീമുകൾ പ്രഖ്യാപിച്ചിരുന്നു. ആ സ്കീമിൽ ചില അനോമലിയുണ്ടായിരുന്നു. തൊഴിലാളി സംഘടനകൾ ചൂണ്ടിക്കാണിച്ചതാണ്; അത് പരിഹരിക്കാൻ കഴിയണം. ആട്ടോറിക്ഷ തൊഴിലാളികൾക്ക് ഇപ്പോൾ രണ്ട് സ്കീമാണുള്ളത്. അത് ഒഴിവാക്കണം. എന്നിട്ട് എല്ലാവരേയും ഒരു ഗണത്തിൽപ്പെടുത്തി മോട്ടോർ വ്യവസായം ഓറഞ്ചേലയായി പരിഗണിച്ച് അർഹതപ്പെട്ട ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയണം. 1985-ലെ മൂല നിയമത്തിൽ ഒരു പിശക് കടന്നുകൂടിയിരിക്കുകയാണ്. ആ പിശക് ആരെല്ലാം ദുരുപയോഗം ചെയ്യുന്നു എന്നറിയാമോ? അങ്ങേക്കറിയാം ഈ ക്ഷേമനിധിബോർഡിലെ ഒരംഗം, കണ്ണൂർക്കാരനാണ്, അദ്ദേഹത്തിന് കുറെ ബസ്സുകൾ ഉണ്ട്. അദ്ദേഹം എന്തുചെയ്തു എന്നറിയാമോ? ഈ ക്ഷേമനിധിബോർഡിലെ അംഗവും ബസ് ഉടമാസംഘത്തിൻെറ നേതാവുമാണ്. അദ്ദേഹം ക്ഷേമനിധിയിൽ തൊഴിലാളികളെ ചേർക്കുന്നില്ല. എന്നിട്ട് പി. എഫ്.-ൽ തുകയിടുന്നു. പി. എഫ്.-ൽ ചേർന്നാൽ എന്താണ് ഗുണം? ക്ഷേമനിധിയിൽ നിന്ന് രക്ഷപ്പെടുകയാണ്. അപ്പോൾ ക്ഷേമനിധി ബോർഡിലെ അംഗംപോലും ഈ ക്ഷേമനിധിയിൽ തങ്ങളുടെ തൊഴിലാളികളെ ചേർക്കാത്ത വിധത്തിൽ പഴുതുകളുള്ളതാണ് 1985-ലെ മൂലനിയമം. അതുകൊണ്ട് അത് മാറണം. പി. എഫ്. ആനുകൂല്യങ്ങളൊന്നും ഈ നിയമത്തിൽ നമ്മൾ നിഷേധിക്കേണ്ട, ഓറ ഭേദഗതി മതി. ഇരുപതോ അതിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടുതലോ ഉള്ള ജീവനക്കാർക്ക് ഈ സ്ഥാപനത്തിലെ നിയമം ബാധക മല്ലെന്നുമാത്രമുള്ള ഭേദഗതി മതി. 20-ൽക്കൂടുതലുള്ളത് പി. എഫ്.-ൽ പോകട്ടെ, അതിൽ താഴെയുള്ള തൊഴിലാളികളും മുഴുവൻ ഈ ക്ഷേമനിധിയിൽ വരുംവിധത്തിൽ വ്യക്തമായിട്ടുള്ള ഒരു ഭേദഗതി ഇവിടെ കൊണ്ടുവരേണ്ട തായിരുന്നു. ഇപ്പോൾ കൊണ്ടുവന്നകൂട്ടത്തിൽ അത് കാണുന്നില്ല. മാത്രമല്ല, രണ്ടിലും ചില സ്ഥാപനങ്ങൾ പെടുന്നുണ്ട്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട എം. വി. ജയരാജൻ പി.എഫ്.-ലും ഗ്രാറ്റുവിറ്റി നിയമത്തിലും വരുന്ന തൊഴിലാളികളുടെ കാര്യം പറഞ്ഞു. യഥാർത്ഥത്തിൽ മോട്ടോർ വ്യവസായ രംഗത്തെ മുഴുവൻ തൊഴിലാളികളേയും ഉൾക്കൊള്ളിക്കാവുന്ന തരത്തിലുള്ള ഒരു ക്ഷേമനിധിയായി മാറുകയെന്നുള്ളതാണ് ഇതിന്റെ ലക്ഷ്യമെന്നുള്ള ഗൗരവതരമായ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത് ശരിയാണ്. അദ്ദേഹം ഈ മേഖലയിലെ തൊഴിലാളികളുടെ വികാരങ്ങൾ മനസ്സിലാക്കുന്ന ഒരു ട്രേഡ് യൂണിയൻ നേതാവാണ്. ഇതാണ് തൊഴിലാളികളൊക്കെ ആഗ്രഹിക്കുന്നത്. ആ രൂപത്തിൽ ഈ ക്ഷേമനിധിയെ നമുക്ക് മാറ്റാൻ കഴിയേണ്ടതുണ്ട്. ഇപ്പോൾ നൂറോളം സ്ഥാപനങ്ങൾ യഥാർത്ഥത്തിൽ നമ്മുടെ നിലവിലുള്ള ക്ഷേമനിധിയുടെ പഴുതുപയോഗിച്ച് രക്ഷപ്പെടുന്ന ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. അതുപോലെത്തന്നെ ഒരു കാരണവശാലും അനർഹരായിട്ടുള്ളവർ ഇതിൽ കയറിക്കൂടാ; അർഹരായവരെ ഒഴിവാക്കുകയും ചെയ്തുകൂടാ. അർഹരായ തൊഴിലാളികളും പൂർണ്ണമായും ഈ ക്ഷേമനിധിക്കകത്ത് വരുമെന്ന കാര്യം ഉറപ്പുവരുത്തണം. ഇപ്പോൾ 1400 രൂപയടച്ചാൽ ബന്ധുക്കളെയും സ്വന്തക്കാരെയും ക്ഷേമനിധിയിൽ കൊണ്ടുവരാൻ കഴിയുന്ന വിധത്തിലുള്ള വ്യവസ്ഥ ഉണ്ട് ബില്ലിലുള്ളത്. അതുകൊണ്ട് അനർഹരായ ഒരാളും ഇതിൽ കടന്നുകൂടാത്ത വിധത്തിൽ നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്.

ശ്രീ. പി. സി. ജോർജ്ജ്: വികലമായ നിയമംകൊണ്ടാണല്ലോ യഥാർത്ഥ തൊഴിലാളി ആരാണെന്ന് കണ്ടുപിടിക്കാൻ പറ്റാത്ത ഒരു സാഹചര്യമുണ്ടായിരിക്കുന്നത്. ഒരു തൊഴിലാളി അംഗീകൃത യൂണിയനിലെ തൊഴിലാളിയാണെന്ന് ട്രേഡ് യൂണിയൻകാർ പറഞ്ഞാൽ, ക്ഷേമനിധിയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിച്ചാൽ അതിന് പരിഹാരമുണ്ടാക്കാൻ കഴിയുമല്ലോ.

ശ്രീ. എം. വി. ജയരാജൻ: ഇതുതന്നെയാണ് ഞാൻ ആദ്യം പറഞ്ഞത്. അപ്പോൾ ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് ഇവിടെ ഇല്ലായിരുന്നു. അംഗീകൃത ട്രേഡ് യൂണിയനുകൾ തൊഴിലാളികളെ സാക്ഷ്യപ്പെടുത്തി സർട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അംഗീകരിക്കാൻ കഴിയണമെന്നുള്ളതുതന്നെയാണ് ഞാനും പറയുന്നത്. അപ്പോൾ ഈ അനോമലി പരിഹരിക്കാൻ കഴിയും. അതോടൊപ്പം നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ട്രേഡ് യൂണിയനുകൾ വിജിലാകണം. അനർഹരായിട്ടുള്ളവരെ സർട്ടിഫൈ ചെയ്ത് ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ ട്രേഡ് യൂണിയനുകൾ പ്രവർത്തിച്ചുകൂടാ. ഈ നിലയ്ക്കുള്ള കുറെമറെ ഒരു ക്ഷേമനിധിയായി ഇതിനെ മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ ശ്രീ. ടി. പി. രാമകൃഷ്ണൻ പറഞ്ഞത് endorse ചെയ്യുകയാണ്. ഞാൻ അതിനെക്കുറിച്ച് കൂടുതൽ വിശദീകരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നില്ല. വേജിനെ സംബന്ധിച്ച് ഒരു ഡെഫനിഷൻ ഇതിൽ ഉൾപ്പെടുത്തണം അല്ലെങ്കിൽ ഒരുപാട് പ്രശ്നങ്ങളുണ്ടാകും. അത് നിലനിർത്തേണ്ടത് അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ഈ നിയമം നടപ്പിലാക്കുമ്പോൾ തീർച്ചയായും പരിഗണിക്കുന്നതാണ്. ഇവിടെ ശ്രീ. ടി. പി. രാമകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമം വേണ്ടിവന്നതുതന്നെ ഈ പറഞ്ഞ പോരായ്മകളുള്ളതുകൊണ്ടാണ്. ഇവിടെ നൂറുകോടി രൂപയോളം പിരിച്ചെടുക്കാനുണ്ടെന്ന് പറഞ്ഞു. ഒരു ജില്ലയിൽ ഒരു ഉദ്യോഗസ്ഥൻ ആ ജില്ലയിലെ മോട്ടോർ വെഹിക്കിൾസ് പരിശോധിച്ച് അവിടത്തെ തൊഴിലാളികളെ determine ചെയ്തത് അവരുടെ അസസ്മെൻറ് നടത്തി അതിൻമേൽ ആക്ഷേപം വാങ്ങി ഫൈനൽ determination ആക്കി അടപ്പിക്കുകയെന്നുള്ളതാണ് ഇതുവരെ നിലനിന്നിരുന്ന സംവിധാനം. ഒരു ജില്ലയിൽ എത്ര വാഹനങ്ങളുണ്ടെന്ന് നിങ്ങൾക്കുതന്നെ അറിയാം. ഇത്രയും വാഹനങ്ങളിൽ എത്ര ഉദ്യോഗസ്ഥർ പരിശോധന നടത്തിയാൽ ഇത് തീരുമാനിക്കാൻ കഴിയുമെന്നുള്ളതാണ് പ്രശ്നം. അതു മാത്രമല്ല ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഇങ്ങനെ തീരുമാനിക്കപ്പെടുന്ന തൊഴിലാളികൾതന്നെ അവരുടെ സ്വന്തക്കാരുടേയും ബന്ധുക്കളുടേയും പേരുകൾവച്ചാണ് അസസ്മെൻറ് കൊടുക്കുന്നത്. എന്റെ ബസ്സിലെ തൊഴിലാളി ഇന്നയാളാണെന്ന് എഴുതിക്കൊടുത്താൽ അതിൽ തർക്കമില്ല. ഇങ്ങനെയുള്ള തർക്കങ്ങളിലാണ് രണ്ടായിരത്തോളം അപ്പീലുകൾ കെട്ടിക്കിടക്കുന്നതെന്ന് പറഞ്ഞത്. രണ്ടായിരത്തോളം വരുന്ന അപ്പീലുകളുടെ കുടിശ്ശികയാണ് പിരിച്ചെടുക്കാനുള്ളത്. ഗവൺമെൻറല്ല ഇതിന് സ്റ്റേ കൊടുക്കുന്നത്. ഇതിന് അപ്പീൽ അതോറിറ്റികളുണ്ട്. പഴയ ആക്ടിൽ അപ്പീൽ അതോറിറ്റിയെന്ന് പറയുന്നത് സെക്രട്ടറിയാണ്. ഏഴ് ജില്ലകളിൽ അവരുടെ അപ്പീലുകൾ കേൾക്കുന്നതിനുവേണ്ടി രണ്ട് ജോയിൻറ് സെക്രട്ടറിമാരാണുള്ളത്. അവർ തീരുമാനമെടുത്തതിന് ശേഷമാണ് ആർ. ആർ. നടപടിയിലേക്ക് പോകുന്നത്. ഇതാണ് നമ്മുടെ സംസ്ഥാനത്ത് നിലവിലിരിക്കുന്ന സംവിധാനം. ആർ.ആർ.-ന്റെ ഏതെങ്കിലും ഒരു പെർസന്റേജ് അടച്ചുകഴിഞ്ഞാൽ ബാക്കിക്ക് തവണ കൊടുക്കുന്നത് സാധാരണ ഒരു നടപടിക്രമം മാത്രമാണ്. അതിപ്പോൾ ഇതിന് മാത്രമായിട്ടല്ല 2003-വരെയുള്ള കുടിശ്ശികയുടെ കണക്കാണെന്ന് പറഞ്ഞു. 2003-നുശേഷവും സ്വാഭാവികമായി ഇങ്ങനെയുള്ള അപ്പീലുകൾ ഉണ്ടാകുന്നു. ലേബർ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ ഒരു സ്റ്റേയും കൊടുത്തിട്ടില്ല. ശ്രീ. ടി. പി. രാമകൃഷ്ണൻ ലോറി ട്രാൻസ്പോർട്ട് ഏജൻസിയുടെ കാര്യം പറഞ്ഞു. അവരുടെ കാര്യത്തിൽ വളരെ സജീവമായ മറ്റൊരു ബിൽ സഭയുടെ മുന്നിലുണ്ട്. Shops and Other Establishment-ന്റെ കൂട്ടത്തിൽ അവരെ ഉൾപ്പെടുത്താൻ കഴിയും. അവർക്കുവേണ്ടി പ്രത്യേകമായ ഒരു സ്കീം ഉണ്ടാക്കാൻ കഴിയും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: ലോറി ട്രാൻസ്പോർട്ട് ഏജൻസിസ് വിഭാഗത്തെ Shops and Other Establishment-ന്റെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല. അവർ മോട്ടോർ വെഹിക്കിളുമായി ബന്ധപ്പെട്ട് നിൽക്കുന്നവരാണ്. അതുകൊണ്ട് ഈ കാര്യങ്ങൾക്ക് ഒരു പുനർചിന്തനം വേണം. ഇവിടെ കുടിശ്ശികയെ സംബന്ധിച്ച് പറഞ്ഞല്ലോ. നിയമം അനുസരിച്ച് ഓരോ മാസവും ക്ഷേമനിധി വിഹിതം അടയ്ക്കേണ്ടതാണ്. ചില ഉടമകൾക്ക് സമ്മതമാണെങ്കിൽ ഒരു വർഷത്തേക്ക് ഒന്നിച്ചടയ്ക്കുന്നു. അങ്ങിനെ

LIBRARY ARCHIVES Kerala Legislative Assembly

ആണെങ്കിൽ ഒരു ഓപ്ഷൻ അനുവദിച്ചുകൂടെ? ക്ഷേമനിധിയിലെ ന്യൂനത കരം പരിഹരിച്ച് മെച്ചപ്പെടുത്തണമെന്നുള്ളതാണല്ലോ നമ്മുടെ പൊതുലക്ഷ്യം. ക്ഷേമനിധി ഓഫീസുകരം എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നില്ല. ഈ ഭേദഗതി നിയമം നമ്മരം അംഗീകരിക്കുന്നതോടുകൂടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കുറച്ചുകൂടി സുഗമമാക്കാൻ എല്ലാ ജില്ലകളിലും വെൽഫെയർഫണ്ട് ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൂടിയുണ്ടാകണം.

ശ്രീ. ബാബു ദിവാകരൻ: ട്രാൻസ്പോർട്ടിംഗ് എജൻസിന്റെ കാര്യത്തിൽ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പിലെ തൊഴിലാളികരംക്കു വേണ്ടി ഒരു പ്രത്യേക സ്കീം ഉണ്ടാക്കി. അതുപോലെ ക്ഷേമനിധിയിൽ അവർക്കുവേണ്ടി ഒരു പ്രത്യേക സ്കീം ഉണ്ടാക്കാമോയെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാവുന്നതാണ്. പിന്നെ തൊഴിലാളികളുടെ വിഹിതമടയ്ക്കുന്നത് സംബന്ധിച്ച് ഒന്ന് രണ്ട് മെമ്പർമാർ ഇവിടെ സൂചിപ്പിച്ചു. ട്രേഡ് യൂണിയനുകരംക്ക് ഇതിൽ വലിയ റോരം ഇല്ലെന്നുള്ളതാണ്. ഈ അമെൻറ് മെൻറ് പാസ്സായിക്കഴിയുമ്പോരം ട്രേഡ് യൂണിയനുകളുടെ റോരം വരിക യാണ്. ഇനി തൊഴിലാളികളെ സർട്ടിഫൈ ചെയ്ത് അവർ തൊഴിലാളി കളാണെന്ന് ഇവിടെ രജിസ്ററർ ചെയ്യേണ്ട ചുമതല ട്രേഡ് യൂണിയനു കരംക്കാണ്. ഈ അമെൻറ്മെൻറ് പാസ്സായിക്കഴിയുമ്പോഴാണ് ട്രേഡ് യൂണിയനുകളുടെ റോരം കുറേക്കൂടി ശക്തമാകുന്നത്. അങ്ങിനെ ചേർക്കാനേ പറയുകയുള്ളൂ.

.....(ബഹളം).....

തൊഴിലാളികരം ആരാണെന്ന് തീരുമാനിക്കുന്നത് സംബന്ധിച്ചാണ് പ്രശ്നം വരുന്നത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഒരു ഭേദഗതി കൊണ്ടുവരുമ്പോരം നിയമം കുറച്ചുകൂടി സമഗ്രമാകുകയല്ലേ ചെയ്യുന്നത്? കൺസ്ട്രക്ഷൻ വർക്കേഴ്സിന്റെ ക്ഷേമനിധിയിലും കർഷകത്തൊഴിലാളി ക്ഷേമനിധിയിലും ആ വ്യവസ്ഥയു ള്ളതുകൊണ്ട് ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ററർ ചെയ്യേണ്ടതല്ലേ? അപ്പോരം ട്രേഡ് യൂണിയൻ ആക്ടനുസരിച്ച് തൊഴിലാളികരം ആരാണെന്ന് തീരുമാനിക്കുന്നതിനുള്ള അധികാരം അവർക്ക് കൊടുത്തുകൂടെ? .....(ബഹളം).....

ശ്രീ. ബാബു ദിവാകരൻ: ഞാൻ പറയാം. ഇപ്പോരം കൺസ്ട്രക്ഷൻ രംഗത്ത് തൊഴിലാളി-തൊഴിലുടമ ബന്ധമില്ല. സ്ഥിരമായി ഒരു തൊഴിലാളിയും തൊഴിലുടമയുമില്ല. ബസ്സുകളിൽ ഇത് ഒക്കുകയുമില്ല. ഇതിൽ വലിയ ബോഗസ് നമ്പർ വരാൻ ഇടയില്ല. ഒരു ബസ്സിലെ തൊഴിലാളിക്കു മാത്രമേ രജിസ്ട്രേഷനിൽ വരാൻ പറയുകയുള്ളൂ. ഇപ്പോരം പത്ത് ലക്ഷം വെഹിക്കിൾസ് ഉണ്ടെങ്കിൽ പത്ത് ലക്ഷം തൊഴിലാളികരംക്കേ വരാൻ പറയുകയുള്ളൂ. മെമ്പർമാർ എന്നുള്ളത് നിശ്ചിതമാണ്. അതുമാത്രമല്ല ക്ഷേമനിധി വിഹിതം അവർ അടയ്ക്കു ന്നുണ്ടെങ്കിൽ അവർ തൊഴിലാളിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറിനുകൂടി പ്രൊവിഷൻ കൊടുത്തിട്ടുണ്ട്. ഒന്നുകിൽ അവർക്ക് തൊഴിൽ എടുക്കാം തൊഴിലുടമയ്ക്ക് കൊടുക്കാം അല്ലെങ്കിൽ ട്രേഡ് യൂണിയനുകരംക്കോ ലേബർ ഓഫീസുകരംക്കോ ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ കൺസേൺഡ് ലേബർ ഓഫീസർക്ക് തീരുമാനിക്കാവുന്നതാണ്. അങ്ങനെ വരുമ്പോരം ട്രേഡ് യൂണിയനുകരംതന്നെ മുൻകൈയെടുത്താൽ അവർക്കുതന്നെ ഇത് ചെയ്യാം. ഈ യൂണിയനുകളെല്ലാരംതന്നെ പരമാവധി ആളുകളെ ചേർക്കാനുള്ള നടപടിയാക്കി ഇതിനെ മാറിയിരിക്കുകയാണ്. മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. ഇന്ന് 12 ലക്ഷം കൺസ്ട്രക്ഷൻ തൊഴിലാളികളും ബോർഡിൽ അംഗങ്ങളായിട്ടുണ്ട്. ഈ 12 ലക്ഷം ആളുകളും നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്ന് എല്ലാ ട്രേഡ് യൂണിയൻ നേതാക്കളും ഒരുപോലെ സമ്മതിക്കുമെന്ന് തോന്നുന്നില്ല. അതിലേക്ക് വരുമാനമുറപ്പാക്കാൻ നമുക്ക് കഴിഞ്ഞു. ആവശ്യത്തിന് തുകയുള്ളതു കൊണ്ടാണ് ഈ ആനുകൂല്യങ്ങളും കൊടുക്കാൻ കഴിയുന്നത്. ഈ അമെൻറ്മെൻറ് നടപ്പാക്കുന്നതു സംബന്ധിച്ച് പ്രായോഗികമായി എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അത് ട്രേഡ് യൂണിയനുകളുമായി സംസാരിച്ച് സ്കീമിൽ മാറ്റം വരുത്താവുന്നതേയുള്ളൂ. ആക്ടിൽ അത് വേണമെന്നില്ല. അതുകൊണ്ടാണ് ഉൾപ്പെടുത്താത്തത്. ലോറിത്തൊഴിലാളികളുടെ ഗ്രാറ്റുവിറ്റിയെ കുറിച്ച് പറഞ്ഞു. ഇവിടെ ശ്രീ. ടി. പി. രാമകൃഷ്ണൻ 20 അംഗങ്ങളിൽ കൂടുതലുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും പി. എഫും ഗ്രാറ്റുവിറ്റിയും ഉറപ്പാക്കുന്ന സംവിധാനമുണ്ടെന്ന് പറഞ്ഞു. അതില്ലാത്ത തൊഴിലാളികൾക്കും പി. എഫും ഗ്രാറ്റുവിറ്റിയും ഉറപ്പാക്കാൻവേണ്ടിയാണ് ബസിലെ തൊഴിലാളികളെ ഇതിൽ ഉൾപ്പെടുത്തിയത്. നമുക്ക് ഇന്ത്യൻ ഗ്രാറ്റുവിറ്റി ആക്ടുണ്ട്. ഇന്ത്യൻ ഗ്രാറ്റുവിറ്റി ആക്ടിലെ നിയമവ്യവസ്ഥകളനുസരിച്ച് ഗ്രാറ്റുവിറ്റി കിട്ടാനുള്ള അവകാശം എല്ലാ തൊഴിലാളികൾക്കുമുണ്ട്. അപ്പോൾപിന്നെ അതിന്റെ മുകളിൽ ഒരു നിയമം സത്യത്തിൽ ആവശ്യമില്ല. ഇപ്പോൾ ലോറി ഉടമകളാണ് ഇതിനെ ശക്തമായി എതിർത്തുകൊണ്ടിരിക്കുന്നത്. അവർ പറയുന്നത് ഇത്രയും തുക മാസമെടുക്കാൻ ബുദ്ധിമുട്ടാണെന്നാണ്. ഗ്രാറ്റുവിറ്റി ഒഴിവാക്കിക്കൊണ്ട് വെൽഫെയർ ഫണ്ട് മാത്രമാണെങ്കിൽ ഒരു ചെറിയ തുക അടച്ചാൽ ഈ വെൽഫെയർ ആക്റ്റിവിറ്റീസ് അവർക്കുകൂടി എക്സ്റ്റൻറ് ചെയ്തോളും, അന്ന് അവരെ ഒഴിവാക്കിക്കൊണ്ടാണ് ഈ നിയമം ഉണ്ടാക്കിയത്. അതുകൊണ്ടാണ് ഇപ്പോൾ നമ്മൾ അതിനെപ്പറ്റി ആലോചിക്കുന്നത്, വെൽഫെയർ ഫണ്ട് മാത്രമായി ഒരു തുക അടച്ചാൽ അവർക്ക് വെൽഫെയർ ഫണ്ട് കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഇതിനകത്ത് ഒരു ഭേഗതികൂടി ഉൾക്കൊള്ളിക്കാനാണ് ശ്രമിക്കുന്നത്. പിന്നെ റീ-രജിസ്ട്രേഷന്റെ കാര്യം അമെൻറ്മെൻറ് വരുന്ന സമയത്ത് ഞാൻ പറയാം. റീ-രജിസ്ട്രേഷന് രണ്ടാമത് ഫീസ് കൊടുക്കേണ്ട കാര്യമില്ല. പുതിയ നിയമമനുസരിച്ച് അവർക്കെല്ലാം കാർഡ് കൊടുക്കണം. അവരുടെ ഫാമിലി ഡീറ്റെയിൽസ് വയ്ക്കുന്നുണ്ട്. ഇങ്ങനെ ഡീറ്റെയിൽസുള്ള കാർഡ് വേണമെന്നുള്ളതു കൊണ്ടാണ് രജിസ്ട്രേഷൻ വേണമെന്ന് പറഞ്ഞത്. നിലവിലുള്ള അംഗങ്ങളെ ഫീസ് അടയ്ക്കുന്നതിൽനിന്ന് നമുക്ക് ഒഴിവാക്കാം. ഏത് സ്ഥാപനത്തിൽ ജോലിയെടുക്കുന്നത് എന്നതിനെ സംബന്ധിച്ച് ഒരു ഫോം മാത്രം ഫിൽ ചെയ്ത് കൊടുത്താൽ മതി. അതിന് ഒരുമാസമെന്നുള്ള കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. അതിന്റെ അമെൻറ്മെൻറ് വരുന്ന സമയത്ത് വിശദമായി പറയാം. ബിൽ പരിഗണനയ്ക്ക് എടുക്കണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2005-ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെൻഡ്മെൻറ്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുത്തിരിക്കുന്നു.

2-ാം വകുപ്പ്

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(86) In section 2(e) of the principal Act proposed to be amended by clause 2(a) for the words "in relation to any motor transport undertaking the person" the words "in relation to any motor transport undertaking the registered owner/owners, or the person/persons" shall be substituted.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൂടി അവതരിപ്പിക്കുന്നു:

(87) In section 2 (e) of the principal Act proposed to be amended by clause 2 (a) for the words "in relation to any motor transport undertaking the registered owner or the person" substitute the words "in relation to any motor transport undertaking, the registered owner only".

(97) Delete clause 2 (d) and retain the original provision.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൂടി അവതരിപ്പിക്കുന്നു:

(88) Delete clause 2 (b).

(93) In section 2 (ja) of the principal Act proposed to be inserted by clause 2 (c) after the words "for his livelihood" add the words "will be treated as a full-time worker".

(100) Delete clause 2 (d) and retain the original provision.

ഒറിജിനൽ ആക്ടിലുള്ളത് നിലനിർത്തിയാൽ മതി. ഭേദഗതി വരുത്തിയാൽ നമ്മൾ ഉദ്ദേശിക്കുന്ന പർപ്പസിൽ തൊഴിലാളികൾ കൂടുതലായി വരാൻ സാദ്ധ്യതയില്ല എന്ന സംശയമുണ്ട്. ഗ്രാറ്റുവിറ്റി ഇല്ലാതെത്തന്നെ സംഖ്യ അടച്ചാൽ എന്നുവന്നാൽ ഈ ആക്ടിന്റെ മെയിൻ പർപ്പസ് തന്നെ പോകും.

ശ്രീ. എ. എ. അസീസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൂടി അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

